LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യു, 18-8-1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യു.ആന്റ്.റ്റി., 29-12-1988 എന്നിവയാണ്. ആയത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ മറികടന്നുകൊണ്ട് സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിരുന്നു. ടി കരട് ചട്ടങ്ങളിന്മേൽ കമ്മീഷൻ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിശദാംശം ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ

277(1262) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം

278(1263) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്